**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3420** **04-08-2021 - ൽ മറുപടിയ്ക്ക്**

**മനുഷ്യനിർമ്മിത രാസവസ്തുക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . ടി. വി. ഇബ്രാഹിം** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മനുഷ്യനിർമ്മിത രാസവസ്തുക്കളിൽ നിന്നുള്ള ലഹരിയായ സിന്തറ്റിക് ഡ്രഗ്സിന്റെ വിൽപന ചില സാമൂഹ്യ മാധ്യമങ്ങൾ വഴി നടത്തുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് എവിടെ നിന്നെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇപ്രകാരം വിൽപന നടത്തുന്നവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സിന്തറ്റിക് ഡ്രഗ്സിന്റെ വില്പന കണ്ടെത്തുന്നതിനായി ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തി വിവര ശേഖരണം നടത്തുകയും എക്സൈസ് വകുപ്പുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പരുകൾ, മെയിൽ ഐ.ഡി. എന്നിവ നവ മാധ്യമങ്ങൾ വഴിയും മറ്റും പരസ്യപ്പെടുത്തുകയും സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ച പരാതിപ്പെട്ടികൾ വഴിയും ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയും വിവരശേഖരണം നടത്തുകയും കൊറിയർ പാർസൽ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും ചെയ്ത് വരുന്നുണ്ട്. കൂടാതെ, മുൻ കുറ്റവാളികളുടെ സാമൂഹ്യമാധ്യമ അക്കൗണ്ടുകൾ നിരന്തരം നിരീക്ഷിക്കുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സും, പട്രോളിംഗ് യൂണിറ്റുകളും ജില്ലകൾ കേന്ദ്രമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ